# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.649** **29.11.2018-ൽ മറുപടിക്ക്**

കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് പദ്ധതി

| | ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി യുടെ പ്രസരണ വിതരണ സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാന വ്യാപകമായി ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനായുള്ള 'കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി അനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കെ. എസ്. ഐ. ടി.ഐ.എൽ എന്നിവ പങ്കാളികളായി കേരളാ ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ ഫോൺ) എന്ന പേരിൽ സംയുക്ത സംരംഭകമ്പനി തുടങ്ങുവാനായി തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സംയുക്ത സംരംഭത്തിലൂടെ പോസ്റ്റുകൾ ഉൾപ്പെടെയുള്ളവയുടെ വാടക എപ്രകാരം ഉറപ്പിക്കുവാൻ കഴിയും എന്നത് സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി അതോറിറ്റി ബോർഡിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ എന്ത് വിശദീകരണമാണ് ബോർഡ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്. പോസ്റ്റുകൾ ഉൾപ്പെടെയുള്ളവയുടെ വാടക ഉറപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ ഫൈബർ ഒപ്റ്റിക് കേബിളുകൾ സ്ഥാപിക്കുവാൻ നിലവിലുള്ള നിരക്കുകൾ പ്രകാരം വാടക നൽകേണ്ടതാണെന്നും അതിനാൽ അക്കാര്യത്തിൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയില്ലെന്നും പക്ഷെ, നിലവിലുള്ള വാടകക്കരാറുകൾ പുതുക്കാതെ വരുമ്പോൾ മൂന്നുകോടി രൂപയുടെ വരുമാനക്കുറവ് ഉണ്ടാവുമെന്നും എന്നാൽ കെഫോൺ കമ്പനി ഫൈബർ ഒപ്റ്റിക് കേബിൾ വഴി ബോർഡിന് സൗജന്യമായി "ഇൻട്രാനെറ്റ്" സൗകര്യം ലഭ്യമാക്കുമെന്നും, ആയിനത്തിൽ പ്രതിവർഷം 15 കോടി രൂപ ഇപ്പോൾ ചെലവാകുന്നുണ്ടെന്നും, ആയതിനാൽ കെഫോൺ കൊണ്ടുള്ള പ്രയോജനം മറ്റ് നഷ്ടങ്ങളേക്കാൾ കൂടുതലാണെന്നും കമ്മീഷനിൽ രേഖാമൂലം സമർപ്പിച്ചിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ